## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **07-06-2021 - ൽ മറുപടിയ്ക്ക്**

## കോവിഡ് വ്യാപന കാലത്തെ ചൂഷണം തടയാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം കൂടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ് വ്യാപനം കൂടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 1. കോവിഡ് വ്യാപനം കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ഉപയോഗത്തിനായി 4000 എണ്ണം ഓക്സിജൻ സിലിണ്ടർ (BULK), വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. ടി സിലിണ്ടറുകൾ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2. നിലവിൽ  കേരളത്തിൽ ലഭ്യമായിട്ടുള്ള വ്യാവസായിക സിലിണ്ടറുകളിൽ ഓക്സിജൻ നിറച്ച് മെഡിക്കൽ ഓക്സിജൻ സിലിണ്ടറുകളാക്കി മാറ്റി കോവിഡ് രോഗികൾക്ക് ഉപയോഗത്തിനായി ആശുപത്രികളിലേക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്.  3. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ദ്രവീകൃത ഓക്സിജൻ ISO കണ്ടെയ്നർ വാഹനം ഉപയോഗിച്ച് ശേഖരിച്ച് നിലവിൽ ദ്രവീകൃത മെഡിക്കൽ ഓക്സിജൻ ടാങ്ക് ലഭ്യമായ ആശുപത്രികളിൽ കോവിഡ് രോഗികളുടെ ഉപയോഗത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ ഓക്സിജൻ ക്ഷാമം രൂക്ഷമാകാനുള്ള സാധ്യത കണക്കിലെടുത്തുകൊണ്ട് കൊച്ചിൻ റിഫൈനറീസ്, K.M.M.L മുതലായ സർക്കാർ സ്ഥാപനങ്ങളിൽ ദ്രവീകൃത ഓക്സിജൻ ശേഖരിച്ച് വച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സി.കളിൽ ഓക്സിജൻ സൗകര്യം ലഭ്യമാക്കുവാൻ എന്തൊക്കെ | (ബി) | സംസ്ഥാനത്തെ സി.എഫ്.എൽ.റ്റി.സി.കളിൽ ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ 1076 ഓക്സിജൻ |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | | സിലിണ്ടറുകൾ വിതരണം ചെയ്തിട്ടുണ്ട് . ആയതിന്റെ ജില്ലാ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 112 കൊല്ലം - 115 പത്തനംതിട്ട – 36 ആലപ്പുഴ – 58 കോട്ടയം - 88 ഇടുക്കി - 46 എറണാകുളം - 60 തൃശ്ശൂർ – 100 പാലക്കാട് - 115 വയനാട് - 105 മലപ്പുറം - 65 കോഴിക്കോട് - 69 കണ്ണൂർ – 70 കാസർഗോഡ് - 37 |
| (സി) | സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ കോവിഡ് രോഗികളിൽ നിന്നും അമിതമായ ചികിത്സാ തുക ഈടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 15 അവശ്യ മെഡിക്കൽ ഉപകരണം/വസ്തുക്കളുടെ നിരക്ക് നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കും ബാധകമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിന് വിഭിന്നമായി ചികിത്സാ നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പരാതി നൽകുന്നതിനായി പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തി. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ സ്വീകരിച്ച നടപടികൾ പാലിക്കാത്ത ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | സർക്കാർ ഉത്തരവ് പാലിക്കാത്ത ആശുപത്രികൾക്കെതിരെ സംസ്ഥാനത്ത് 15.06.2021 വരെ ആകെ 143 പരാതികൾ, വിവിധ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്ക് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിലും മറ്റും മാസ്ക് തുടങ്ങിയ കോവിഡ് പ്രതിരോധ സാമഗ്രികൾക്ക് അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഇ) | മാസ്ക് ഉൾപ്പെടെ 15 അവശ്യ മെഡിക്കൽ ഉപകരണം/ വസ്തുക്കളുടെ നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിരോധ ഉപകരണങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യ ഫാർമസികൾ വഴി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ